# ആയുർവേദ ഔഷധ നിർമ്മാണ ലൈസൻസ് ലഭിക്കുന്നതിന് വേണ്ടി സമർപ്പിക്കേണ്ട രേഖകൾ

1. 5 രൂപ കോർട്ട്ഫീ സ്റ്റാമ്പും പതിച്ച അപേക്ഷ അതാത് മേഖലാ ഓഫീസ് മുഖേന ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണം.
2. ശരിയായി പൂരിപ്പിച്ച 24 ഡി
3. ശരിയായി പൂരിപ്പിച്ച 24 ഇ1
4. ഡ്രഗ് ലൈസൻസ്- പരമ്പരാഗത ഔഷധങ്ങൾ -2000/- **ചെലാൻ ഹെഡ് ഓഫ് അക്കൗണ്ട് (0210-04-104-99)**

   ഡ്രഗ് ലൈസൻസ്- പേറ്റന്റ് & പ്രൊപ്രൈറ്ററി ഔഷധങ്ങൾ - 10 ഔഷധങ്ങൾ വരെ 3000 രൂപ ശേഷം വരുന്ന ഓരോ ഔഷധത്തിനും 2000 രൂപ വീതം

   ജിഎംപി - 5000/-
5. രജിസ്റ്റേർഡ് ഡ്രാഫ്റ്റ്സ്മാൻ തയ്യാറാക്കി ഒപ്പിട്ടതും അപേക്ഷകന്റെ ഒപ്പോടുകൂടിയതുമായ വിശദ

   മായ കെട്ടിടം പ്ലാൻ
6. 200/- മുദ്രപത്രത്തിൽ നോട്ടറി സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലെ അഫിഡവിറ്റ്
7. കെട്ടിടത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
8. വാടകകെട്ടിടമാണെങ്കിൽ, 200രൂപ മുദ്ര പത്രത്തിൽ തയ്യാറാക്കിയ വാടകക്കരാറിന്റെ സാക്ഷ്യ പ്പെടുത്തിയ പകർപ്പ്.
9. സ്ഥാപനത്തിന്റെ കൂട്ടു കച്ചവട കരാർ സാക്ഷ്യപ്പെടുത്തിയത്/ കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവയും ഡയറക്ടേഴ്സ്,

   പാർട്ണേഴ്സ് എന്നിവരുടെ തിരിച്ചറിയൽ രേഖ സാക്ഷ്യപ്പെടുത്തിയതും.

8\. അപേക്ഷകന്റെ തിരിച്ചറിയൽ കാർഡിന്റെ കോപ്പി- സാക്ഷ്യപ്പെടുത്തിയത്

9\. ഫോട്ടോ പതിച്ച് ശരിയായി പൂരിപ്പിച്ച ചോദ്യാവലി.

10\. സാങ്കേതിക വിദഗ്ധരുടെ ഫോട്ടോ പതിച്ച് ഡ്രഗ്സ് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ നിശ്ചിത

മാതൃകയിലെ സത്യവാങ്മൂലം.(_ഔഷധ നിർമ്മാണ വിഭാഗത്തിൽ ഒരാൾ, ഗുണനിലവാര നിയന്ത്രണ വിഭാഗത്തിൽ രണ്ട് പേർ.

11\. സാങ്കേതിക വിദഗ്ധരുടെ യോഗ്യതാ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്,

തിരിച്ചറിയൽ കാർഡ് എന്നിവ സാക്ഷ്യപ്പെടുത്തിയത്

12\. വെള്ളം പരിശോധിച്ച റിപ്പോർട്ട്/ വാട്ടർ അതോറിറ്റിയുടെ ഇൻവോയ്സ് കാർഡ് കോപ്പി

13. ലാബ് ഉപകരണങ്ങൾ, യന്ത്രസാമഗ്രഹികൾ, പാത്രങ്ങൾ എന്നിവയുടെ ലിസ്റ്റ് അപേക്ഷകന്റെ ഒപ്പോടുകൂടിയത്.

14. അപേക്ഷകന്റെ വിലാസം രേഖപ്പെടുത്തി സ്റ്റാമ്പ് പതിച്ച കവർ.

15. അംഗീകാരം ലഭിക്കേണ്ട ഔഷധങ്ങളുടെ നിശ്ചിത മാതൃകയിലുള്ള ഔഷധ ലിസ്റ്റ് ( പി & പി ഔഷധങ്ങൾ പതിനാല് കോളം ഫോർമാറ്റ്, ക്ലാസിക്കൽ ഔഷധങ്ങൾ നാല് കോളം), ലൈസൻസി, ടെക്നിക്കൽ സ്റ്റാഫ് മാനുഫാക്ചറിംഗ് എന്നിവർ സാക്ഷ്യപ്പെടുത്തിയതും അല്ലാത്തതും (യഥാക്രമം ഓരോന്നു വീതം)

16. പി & പി ഔഷധങ്ങളുടെ അനുമതിക്കായി പൈലറ്റ് സ്റ്റഡി റിപ്പോർട്ട്, സ്റ്റെബിലിറ്റി സ്റ്റഡി റിപ്പോർട്ട്, ഔഷധം ആയുഷ് അപ്രൂവ്ഡ് ലാബിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്, റഫറൻസ് ഗ്രന്ഥങ്ങളുടെ പേജ് പകർപ്പ് എന്നിവ കൂടി ഹാജരാക്കണം.

17. ഔഷധനിർമ്മാണ സ്ഥാപനത്തിന്റെ എസ്. ഒ. പി. (ജി.എം.പിക്കു വേണ്ടി)

18. ലൈസൻസി മരണപ്പെട്ടതുമൂലം പുതിയ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ്, നിലവിലുള്ള ലൈസൻസ്, ജി. എം.പി, അവയുടെ പുതുക്കൽ സർട്ടിഫിക്കറ്റുകൾ, അംഗീകൃത ഔഷധങ്ങളുടെ അസ്സൽ ലിസ്റ്റ് എന്നിവ ഉൾപ്പെടെയുള്ള അപേക്ഷ നൽകേണ്ടതാണ്.